# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3706 | 21.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. നെറ്റ് വർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | വ്യക്തികളുടെ വാഹനങ്ങൾ ഉപയോഗിച്ച് നടത്തുന്ന ചരക്ക് ഇടപാടുകൾ, ഒന്നിലേറെ ഉല്പന്നങ്ങൾ ഒരുമിച്ച് വില്ക്കുന്ന മിക്സഡ് സപ്ലൈ അഥവാ കോംബോ സപ്ലൈ, ജീവനക്കാരെ കൊണ്ടുവരുന്നതിനും മറ്റുമായി ഉപയോഗിയ്ക്കുന്ന വാഹനങ്ങൾ, ലോഡിംഗ് അൺലോഡിംഗ് ചാർജ്ജുകൾ, അഡ്വാൻസ് പേയ്മെന്റ് നടത്തുന്ന സാഹചര്യങ്ങൾ തുടങ്ങിയവയ്ക്ക് ജി.എസ്.ടി. ബാധകമാണോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഗുഡ്സ് ട്രാൻസ്പോർട്ടിംഗ് ഏജൻസികൾക്കും മിക്സഡ് സപ്ലൈയ്ക്കും കോംബോസിറ്റ് സപ്ലൈയ്ക്കും ലോഡിംഗ് അൺലോഡിംഗ് ചാർജ്ജുകൾക്കും അഡ്വാൻസ് പേയ്മെന്റുകൾക്കും ജി.എസ്.ടി ബാധകമാണ്. ജീവനക്കാരെ കൊണ്ടുവരുന്നതിനായി സ്വന്തം വാഹനമുപയോഗിക്കുന്നതിന് ജി.എസ്.ടി ബാധകമല്ല. |
| (ബി) | രാജ്യത്ത് പൂർണ്ണമായി ജി.എസ്.ടി. നെറ്റ് വർക്ക് നടപ്പാക്കിയിട്ടുണ്ടോ; ഇപ്പോൾ എത്ര ശതമാനം പൂർത്തിയായി; സംസ്ഥാനത്തിന്റെ അവസ്ഥ എന്താണ് എന്നും കേന്ദ്രസർക്കാർ ജി.എസ്.ടി. നടപ്പാക്കാനായി 17 ൽ കൂടുതൽ വിജ്ഞാപനങ്ങളിറക്കിയെങ്കിലും നികുതിദായകർക്കും ഉപഭോക്താക്കൾക്കും വ്യക്തത വരുത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | രാജ്യത്ത് പൂർണ്ണമായി ജി.എസ്.ടി നെറ്റ് വർക്ക് നടപ്പാക്കിയിട്ടില്ല. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറുകൾ പൂർത്തിയായിട്ടില്ല. കേരള സംസ്ഥാനം ജി.എസ്.ടി യുടെ ബാക്ക് എൻഡ് മൊഡ്യൂളാണ് ചെയ്യുന്നത്. ഇത് പൂർത്തിയായി വരുന്നു. ജി.എസ്.ടി നെറ്റ് വർക്ക് പൂർണ്ണമായും പ്രവർത്തനക്ഷമമായതിനു ശേഷം മാത്രമേ സംസ്ഥാനത്ത് ബാക്ക് എൻഡ് പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ജി.എസ്.ടി യെ സംബന്ധിച്ച് നികുതിദായകർക്കും ഉപഭോക്താക്കൾക്കും വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാനം സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ